**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **29-08-2022 - ൽ മറുപടിയ്ക്ക്**

**ചിത്താരി പുഴയിൽ പുതിയ റെഗുലേറ്റർ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ കാലപ്പഴക്കം കൊണ്ട് നശിച്ചതിനാൽ നൂറുകണക്കിന് ഏക്കർ പ്രദേശത്ത് ഉപ്പുവെള്ളം കയറി കൃഷി നാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചിത്താരി പുഴയിൽ പുതിയ റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | ചിത്താരി പുഴയിൽ നിലവിലുള്ള പഴയ റഗുലേറ്ററിന്റെ മേൽ ഭാഗത്തായി 33.28 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു ഉപ്പുവെള്ള പ്രതിരോധ റഗുലേറ്റർ നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. 17/06/2022 ലെ ജി.ഒ.(ആർ.ടി) നം.4461/2022/ഫിൻ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നബാർഡിൽ സമർപ്പിക്കുന്ന പ്രവൃത്തികളുടെ പ്രൊപ്പോസലുകൾ, അതാത് വകുപ്പിലെ ഭരണവിഭാഗം, പ്രൈസ് മുഖേനയും ഡി.എസ്.ആർ 2018 മുഖേനയും തയ്യാറാക്കിയ എസ്റ്റിമേറ്റിന് താൽക്കാലിക സാങ്കേതികാനുമതി നൽകിയതിനുശേഷം മാത്രം ഭരണാനുമതിയ്ക്കായി സമർപ്പിച്ചാൽ മതിയെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിൻപ്രകാരം ടി പ്രവൃത്തിയ്ക്ക് താൽക്കാലിക സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.<br><br>താൽക്കാലിക സാങ്കേതികാനുമതി നൽകിയതിനു ശേഷം എസ്റ്റിമേറ്റ്, NABARD XXVIII Tranche – യിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ